**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2091** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോക്സോ കോടതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | null (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന പോക്സോ കോടതികളുടെ എണ്ണം അറിയിക്കാമോ; പുതിയ കോടതികൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ Suo moto Writ Petition (Civil) No.1/2019 ന്റെ 25.07.2019-ലെ ഉത്തരവ് പ്രകാരം പോക്സോ ആക്ടിൻ കീഴിൽ വരുന്ന കേസുകളുംRape കേസുകളും തീർപ്പാക്കുന്നതിന് സംസ്ഥാനത്തിന് 56 പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കേണ്ടതുണ്ട്. ആദ്യഘട്ടമായി സർക്കാർ 28 അതിവേഗ പ്രത്യേക കോടതികൾ ആരംഭിച്ചു. ഇതിൽ 14 കോടതികളെ പോക്സോ കേസുകൾക്കു മാത്രമായുള്ള പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവ എത്രയുംവേഗം പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | ഒരു ജില്ലാ കോടതിയുടെ എല്ലാ കർത്തവ്യങ്ങളും നിർവഹിക്കേണ്ട പോക്സോ അതിവേഗ കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് പോക്സോ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഈ കോടതികൾ ആരംഭിച്ചിട്ടുള്ളത്. ഇവയുടെ കാലാവധി രണ്ടു വർഷക്കാലം മാത്രമാണ്. ഈ അതിവേഗ പ്രത്യേക കോടതികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കണക്കിലെടുത്താണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. |
| (സി) | പോക്സോ കേസുകൾ പോലുള്ള ഗുരുതര സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് പോലുള്ള തസ്തികകളിൽ കരാർ ജീവനക്കാരെ നിയമിക്കുന്നത് അഭികാമ്യമാണോ; വിശദമാക്കാമോ; | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പോക്സോ അതിവേഗ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ